# മധുരിക്കുന്ന ഓർമകളുണർത്തി വീണ്ടും ഒരോണം

തോമസ് ആന്റണി
തൃശൂർ

കേരളത്തിന്റെ സാംസ്ക്കാരിക തനിമയും നന്മകളാൽ വിശുദ്ധമായ ഒരു ജനസമൂഹത്തിന്റെയും കാലഘട്ടത്തിന്റെയും മധുരസ്മരണകളും പ്രദാനം ചെയ്തുകൊണ്ട് വീണ്ടും ഒരോണം കൂടി വന്നെത്തിയിരിക്കുന്നു. കർക്കിടകത്തിന്റെ കറുത്ത കാർമേഘപ്പാളികൾ തട്ടിമാറ്റി പൂനിലാവിന്റെ പുഞ്ചിരിയുമായി പൊന്നോണപ്പുലരിയെ നാം എതിരേല്ക്കുകയായി.



വള്ളംകളിപ്പാട്ടിന്റെ ഈരടികൾ മൂളിക്കൊണ്ട് താളം തുള്ളുന്ന കുഞ്ഞോളങ്ങൾ, അതിന് നിറപ്പകിട്ടേകാൻ ആലവട്ടവും വെഞ്ചാമരവും വീശുന്ന പച്ചത്തെങ്ങോലകൾ, താളത്തിനൊപ്പം ഇലത്താളമടിക്കുന്ന വയലേലകൾ, മനോഹരമായ കുഴൽവിളിയോടെ അകമ്പടി സേവിക്കുന്ന പക്ഷികളുടെ കളകൂജനങ്ങൾ, വർണപ്പകിട്ടാർന്ന പൂങ്കുലകളാൽ താളംപിടിച്ചു നില്ക്കുന്ന വൃക്ഷലതാദികൾ, നാനാവർണ പുഷ്പങ്ങളാൽ അണിയിച്ചൊരുക്കിയ പൂമുറ്റങ്ങൾ അങ്ങിനെയങ്ങിനെ എത്ര മനോഹരമായ കാഴ്ചകൾ....!

കള്ളവും കള്ളത്തരങ്ങളും എള്ളോളമില്ലാതിരുന്ന, എല്ലാ ജനവിഭാഗങ്ങളും ഒരുമയോടെ, സ്നേഹത്തോടെ, സാഹോദര്യത്തോടെ, നന്മനിറഞ്ഞ മനസ്സോടെ, നൈർമല്യത്തോടെ, ആത്മചൈതന്യം തുളുമ്പുന്ന മനസ്സാക്ഷിയോടെ ജീവിച്ച ശാന്തസുന്ദരമായ ചരിത്രത്തിലേക്ക് ഒരെത്തിനോട്ടമാണ് സുന്ദരമായ ഈ ഓണാഘോഷം.

എന്നാൽ ഇന്ന് പഴമകളെ വലിച്ചെറിഞ്ഞ്, ദൈവത്തിന്റെ സ്വന്തം നാടിന്റെ സാംസ്ക്കാരിക തനിമ വിസ്മരിച്ച് ഹൈടെക് സംസ്ക്കാരത്തെ ഇറുകെപ്പുണരുന്ന നമ്മുടെ പുതിയ തലമുറയ്ക്ക് തികച്ചും അന്യമായി മാറിക്കൊണ്ടിരിക്കുന്ന ഒന്നാണ് ഓണവും ഓണാഘോഷവും.

കഴിഞ്ഞ കാലത്തിന്റെ നന്മകളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നമ്മുടെ കലാസാംസ്ക്കാരിക പാരമ്പര്യവുമെല്ലാം ഓണാഘോഷം നമ്മെ ഓർമപ്പെടുത്തുന്നു. ഉത്സവങ്ങളുടെയും കലയുടെയും സാഹിത്യത്തിന്റെയും സംസ്ക്കാരത്തിന്റെയും സംഗമഭൂമിയായ ഭാരതത്തിനു മുഴുവൻ മാതൃകയായി മതസൗഹാർദ്ദത്തിന്റെയും സഹോദര്യത്തിന്റെയും പുണ്യഭൂമിയായി നിലകൊള്ളുന്ന കേരളത്തിന്റെ സ്വന്തമായ ഓണത്തെ ഒരിക്കൽക്കൂടി നമുക്ക് വരവേല്ക്കാം.

# ഇ-ഓണം ഇങ്ങനെ!



മിനി സാവിയോ
ജില്ലാ പഞ്ചായത്തംഗം, കോട്ടയം

ഇരുപത്തിയൊന്നാം നൂറ്റാണ്ട് ലോകചരിത്രത്തിൽ ഇലക്ട്രോണിക് യുഗമായാണ് അറിയപ്പെടുന്നത്. ഇലക്ട്രോണിക് രംഗത്തെ പുരോഗതിയും, വിവരസാങ്കേതിക വിദ്യയുടെ വളർച്ചയും കൊണ്ട് ലോകം ഒരാഗോളഗ്രാമമായി മാറിയിരിക്കുന്നു. ഇവയെല്ലാം രാഷ്ട്രപുരോഗതിയും മാനവവിഭവശേഷിയും വർധിപ്പിക്കുക എന്ന ലക്ഷ്യം വച്ചുള്ളതാണെങ്കിലും പലപ്പോഴും ഇവയുടെ ദുരുപയോഗം നിമിത്തം ദോഷഫലങ്ങളും ഉണ്ടാകാറുണ്ട്.

ആഗോളവത്ക്കരണവും, ഉപഭോഗസംസ്ക്കാരവുമെല്ലാം മലയാളിയെ വളരെ പെട്ടെന്ന് മാറ്റത്തിലേക്കു നയിക്കുന്നതായി നമുക്കു കാണാൻ സാധിക്കും. സദാചാരപരമായ പെരുമാറ്റങ്ങളും രീതികളുമെല്ലാം അന്യംനിന്നുപോകുന്ന അവസ്ഥയിലാണ്. നടപ്പിലും എടുപ്പിലും സംസാരത്തിലുമെല്ലാം പാശ്ചാത്യ ശൈലി കടന്നുകൂടിയിരിക്കുന്നു. തലമുറകളായി അനുഷ്ഠിച്ചുപോന്ന ആചാരങ്ങളും ആഘോഷങ്ങളുമെല്ലാം അവയുടെ തനിമ നഷ്ടപ്പെട്ട് വെറും ആഡംബരപ്രകടനമായി മാറിയിരിക്കുന്നു. മലയാളിയുടെ ദേശീയ ഉത്സവമായ ഓണത്തിനുപോലും കൃത്രിമഭാവം കൈവന്നിരിക്കുകയാണ്.



പഞ്ഞകർക്കിടകത്തിലെ മഴയും ദുരിതങ്ങളുമെല്ലാം മാറി പൊന്നിൻചിങ്ങമാസമെത്തുമ്പോൾ പ്രകൃതിപോലും തിരുവോണനാളിനുവേണ്ടി അണിഞ്ഞൊരുങ്ങുമായിരുന്നു. അത്തം മുതൽ പത്തുനാൾ പൂക്കളം തീർക്കാനായി മുറ്റത്തും തൊടിയിലും മാത്രമല്ല കുട്ടികൾ കൂട്ടമായി കാടും മേടും കയറിനടന്ന്, കാക്കപ്പൂ, തുമ്പപ്പൂ, മുക്കുറ്റി, ജെമന്തി, വീണ്ട, കാട്ടുപെരിയലം, ചെത്തി മുതലായ പൂക്കൾ ശേഖരിച്ചുകൊണ്ടുവന്ന് പൂക്കളം തീർക്കുമ്പോൾ അവരുടെ മനസ്സിൽ ആനന്ദവും സംതൃപ്തിയും നിറയുമായിരുന്നു. ഓണനാളിൽ ഓണക്കോടി അണിഞ്ഞ്, തൂശനിലയിൽ വിളമ്പുന്ന സദ്യയും പായസവും കഴിച്ച് ഓണക്കളികളായ ഊഞ്ഞാലാട്ടം, തുമ്പിതുള്ളൽ, തിരുവാതിരകളി, പുരുഷൻമാരുടെ ഓണത്തല്ല്, പുലികളി തുടങ്ങിയ വിനോദങ്ങളിൽ പങ്കെടുക്കുന്നത് നാട്ടിൻപുറങ്ങളിൽ പോലും അന്യമായിരിക്കുന്നു.

ഓണാഘോഷം വീടുകളിൽ നിന്ന് പടിയിറങ്ങിയെങ്കിലും, കാമ്പസുകളിലും മറ്റു സ്ഥാപനങ്ങളിലും ക്ലബ്ബുകളിലുമെല്ലാം ആഘോഷത്തിനുള്ള അവസരമായി ഓണം മാറിയിരിക്കുന്നു. മറുനാടൻ മലയാളികളും ഓണാഘോഷത്തിൽ ഒട്ടും പിന്നിലല്ല. ആഘോഷത്തിന്റെ പ്രധാന ഇനം പൂക്കളമത്സരമാണ്. കമ്പ്യൂട്ടറിൽ ഡിസൈൻ ചെയ്തു പൂക്കളം തയ്യാറാക്കുന്നത് അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത പൂക്കൾകൊണ്ടലങ്കരിച്ചാണ്!

റെഡിമെയ്ഡ് ഓണസദ്യ വിളമ്പാൻ പേപ്പർ വാഴയില വിപണിയിൽ സുലഭമാണ്. അങ്ങനെ ഓണസദ്യയും പായസവും കഴിഞ്ഞാൽ പിന്നെ മൊബൈൽ ഫോണിൽ ഓണാശംസകൾ നേർന്നുകൊണ്ട് എസ്.എം.എസ് അയയ്ക്കാനും മലയാളി മറക്കില്ല. വീടുകളിലെ ഓണാഘോഷം ടെലിവിഷൻ ചാനലിനോടൊപ്പമാണ്. ഇനിയും വരും കാലങ്ങളിലെ ഓണം എങ്ങനെയാണെന്നു നമുക്ക് കാത്തിരുന്നു കാണാം. ◈

# അറിവിന്റെ ലോകം

വി.കെ.ഹരിദാസ്

## ബോൾപോയിന്റ് പെൻ

ഭൂരിഭാഗം ആളുകളും ഇപ്പോൾ എഴുതുന്നത് ബോൾപോയിന്റ് പേന ഉപയോഗിച്ചാണ്. ഫൗണ്ടൻ പേനയിൽ തീരുന്നതിനനുസരിച്ച് മഷി നിറച്ചുകൊടുക്കുക, നിബ്ബും ടങ്ങും കയറ്റിവയ്ക്കുന്ന നെക്കിന്റെ പിരി ശരിയല്ലെങ്കിൽ ലീക്ക് ചെയ്യുക, നിബ്ബ് പൊട്ടിപ്പോവുക തുടങ്ങിയ ബുദ്ധിമുട്ടുകളുണ്ട്. ബോൾപോയിന്റ് പേനകൾ പ്രചാരത്തിലായിക്കൊണ്ടിരുന്ന കാലത്ത് കേരളത്തിലെ സ്കൂളുകളിൽ പരീക്ഷയ്ക്ക് ആ പേനകൾകൊണ്ട് എഴുതാൻ അനുവദിച്ചിരുന്നില്ല!

അമേരിക്കൻ റബ്ബർ വ്യാപാരിയായ ജോൺ ജെ. ലൗഡ് ലെതറിന്റെ മുകളിൽ അടയാളമിടാനായി റോളർ-ബോൾടിപ് പെൻ നിർമിക്കാനുള്ള പേറ്റന്റ് 1888ൽ സമ്പാദിച്ചതോടെയാണ് ബോൾപോയിന്റ് പേനയുടെ ചരിത്രം തുടങ്ങുന്നത്. 1916ൽ വാൻ വെച്ടൺ റീസ്ബെർഗ് എന്നയാൾക്കും ഇതേതരം പേറ്റന്റ് ലഭിച്ചു.ഇരുവർക്കും പേറ്റന്റ് ലഭിച്ചു എന്നല്ലാതെ ഉപയോഗപ്രദമായ പേന നിർമിക്കുന്നതിൽ പരാജയപ്പെട്ടു. ഇവരുടെ പരാജയത്തിന്റെ പ്രധാന കാരണം നിലവാരമുള്ള മഷി ലഭിക്കാത്തതായിരുന്നു. മഷി വളരെ നേർമയായാൽ പേനയിൽ നിന്ന് മഷി പുറത്തുചാടും. കട്ടികൂടിയ മഷിയായാൽ പുറത്തേക്കു വരികയുമില്ല. ജോൺ ലൗഡിനു ശേഷം 350 പേറ്റന്റുകൾ നല്കിയെങ്കിലും ഈ ഒരൊറ്റക്കാരണം കൊണ്ട് അവയൊന്നും തന്നെ വിജയിച്ചില്ല.



ജോൺ ലൗഡിന്റെ പേനയിൽ നടത്തിയ ചില പരിഷ്കാരങ്ങളിലൂടെ ഹംഗറിക്കാരായ സഹോദരങ്ങൾ ലാഡിസ്ലാവോ ജോസഫ് ബൈറോയും ജോർജ് ബൈറോയും ചേർന്ന് 1938ൽ ആദ്യത്തെ പ്രയോഗക്ഷമമായ ബോൾപോയിന്റ് പേന കണ്ടുപിടിച്ചു. 1945ൽ ബൈറോ പേന വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കാനുള്ള അവകാശം അമേരിക്കയിലെ എബെർഹാർഡ്-ഫെയ്ബർ കമ്പനി നേടി. എബെർഹാർഡ് കമ്പനി പിന്നീട് എവർഷാർപ്പ് കമ്പനിയുമായി ലയിച്ചു. അതേവർഷം തന്നെ ചിക്കാഗോയിലെ ബിസിനസ്സുകാരനായ മിൽട്ടൺ റെയ്നോൾഡ്സ് ബോൾപോയിന്റ് പേന നിർമിച്ച് വിജയകരമായി വില്പന നടത്തി. റെയ്നോൾഡ്സിന്റെ പേനയുടെ വില്പന വർധിച്ചതോടെ ബൈറോപേനയുടെ ഔദ്യോഗികാവകാശം നേടിയിരുന്ന എവർഷാർപ്പ് കമ്പനിയും റെയ്നോൾഡ്സും തമ്മിലുള്ള നിയമയുദ്ധത്തിലേക്ക് അതു വഴിവച്ചു.

ഫ്രഞ്ചുകാരനായ മാർസൽ ബൈക്ക് ബൈറോ സഹോദരന്മാരെ സമീപിച്ച് ബൈറോ പേന നവീകരിച്ച് ഉത്പാദിപ്പിക്കാനുള്ള അനുമതി ചോദിച്ചു. രണ്ടുവർഷത്തോളം ബൈറോ പേന സസൂക്ഷ്മം നിരീക്ഷിച്ച ശേഷം 1952ൽ അദ്ദേഹം ഭംഗിയായി എഴുതാൻ സാധിക്കുന്ന പുതിയ പേന നിർമിച്ചു. 'ബോൾപോയിന്റ് ബിക്ക്' എന്നറിയപ്പെട്ട ഈ പേന രംഗത്തെത്തിയതോടെയാണ് ഇന്നത്തെ രീതിയിലുള്ള ബോൾപോയിന്റ് പേന രൂപമെടുക്കുന്നത്.

ബിക്ക് പേന ഇംഗ്ലണ്ടിൽ ഇന്നും അറിയപ്പെടുന്നത് ബൈറോപേന എന്നുതന്നെയാണ്. ഇപ്പോൾ യൂറോപ്പിലെ പേനാ വില്പനയുടെ ഭൂരിഭാഗവും കൈയാളുന്നത് ബിക്ക് കമ്പനിയാണ്. ദിവസേന 1,40,00,000 ബിക്ക് പേനകൾ വിറ്റഴിയുന്നുണ്ടെന്നാണ് കണക്ക്!

# വാർത്തകൾ

## കർഷക യൂണിയൻ (എം)

### അഡ്വ.സാബു കൊരട്ടിയിൽ പ്രസിഡണ്ട്



അഡ്വ.സാബു കൊരട്ടിയിൽ



ടോമി എടയോടിയിൽ.

കേരളാ കർഷക യൂണിയൻ (എം) കോട്ടയം ജില്ലാ കമ്മിറ്റി പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. അഡ്വ.സാബു കൊരട്ടിയിൽ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

മറ്റു ഭാരവാഹികൾ: ജോസഫ് മൈലാടി, ചാക്കോ സേവ്യർ കന്നിമേൽ കോണിൽ, ചാക്കോ ജോസഫ് (വൈസ് പ്രസിഡണ്ടുമാർ), ടോമി എടയോടിയിൽ, ജോയി നടയിൽ, പി.വി.ഫ്രാൻസിസ് പാണ്ടിശ്ശേരി (ജനറൽ സെക്രട്ടറിമാർ), തോമസ് കവിയിൽ (ട്രഷറർ).

കേരളാ കോൺഗ്രസ് (എം) കോട്ടയം ജില്ലാ പ്രസിഡണ്ട് ഇ.ജെ.ആഗസ്തി റിട്ടേണിംഗ് ഓഫീസറായിരുന്നു.

ഇടതുസർക്കാരിന്റെ കർഷകപെൻഷൻ പദ്ധതി വെറും തട്ടിപ്പായി മാറിയിരിക്കുന്നതായി കർഷക യൂണിയൻ (എം) ആരോപിച്ചു. നീതിയുക്തമായും സുതാര്യമായും കാര്യക്ഷമമായും പദ്ധതി പുനഃപരിശോധിക്കണം. രണ്ടു ഹെക്ടർ വരെ കൃഷിഭൂമിയുള്ള മുഴുവൻ കർഷകർക്കും പെൻഷൻ നല്കുവാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്നും കർഷക യൂണിയൻ (എം) ആവശ്യപ്പെട്ടു.

ജോസ് കെ.മാണി എം.പി., അഡ്വ. തോമസ് ഉണ്ണിയാടൻ എം.എൽ.എ, ബേബി ഉഴുത്തുവാൽ, കർഷക യൂണിയൻ (എം) സംസ്ഥാന പ്രസിഡണ്ട് ജോൺ പുളിക്കപ്പറമ്പിൽ, കെ.പി.ജോസഫ്, പ്രേചന്ദ് മാവേലി, പ്രഫ.ജേക്കബ് എം.എബ്രഹാം, മാത്തച്ചൻ പ്ലാത്തോട്ടം, ഔസേപ്പച്ചൻ മുടവനാൽ, ഐസക്ക് കാട്ടുവള്ളി, ജോസ് കെ.മാത്യു, ബേബിച്ചൻ കടമ്പനാട്ട്, തോമസ് നീലിയറ, ജേക്കബ്ബ് തോമസ് താന്നിക്കൽ, സി.വി.തോമസ് എന്നിവർ പ്രസംഗിച്ചു.

## പി.ടി.മാത്യു പഴയംപാറയിൽ നിര്യാതനായി

### കേരളാ കോൺഗ്രസ് (എം) അനുശോചിച്ചു

ആദ്യകാല കേരളാ കോൺഗ്രസ് പ്രവർത്തകനും കർഷക യൂണിയൻ (എം) നേതാവുമായിരുന്ന പി.ടി.മാത്യു പഴയംപാറയലിന്റെ നിര്യാണത്തിൽ കേരളാ കോൺഗ്രസ് (എം) കുമാരമംഗലം മണ്ഡലം കമ്മിറ്റി അനുശോചിച്ചു.

പ്രസിഡണ്ട് അപ്പച്ചൻ ഓലിക്കരോട്ടിന്റെ അധ്യക്ഷതയിൽ കൂടിയ അനുശോചന യോഗത്തിൽ തൊടുപുഴ നിയോജക മണ്ഡലം പ്രസിഡണ്ട് പ്രൊഫ.കെ.എ.ആന്റണി, ബെന്നി മാടവന, സാൻസൺ ആക്കക്കാട്ട്, ആഗസ്റ്റ്യൻ ചെമ്പകശേരി, ജോയി പാറത്തലയ്ക്കൽ, ടി.എം.ജോർജ്, മാമച്ചൻ മഞ്ചപ്പള്ളിൽ, ജോജോ മടത്തിനാൽ ജോഷി കൊന്നയ്ക്കൽ, ഫ്രാൻസിസ് ചാമക്കാലായിൽ, ജോണി നീർണാൽ, ജെയിംസ് വെമ്പള്ളി, ഫ്രാൻസിസ് മുണ്ടുനട, ബേബി ഇടക്കര തുടങ്ങിയവർ പ്രസംഗിച്ചു.

## ഇടതുജനദ്രോഹഭരണം

### കേരളാ കോൺഗ്രസ് (എം) ധർണ നടത്തി

ഇടതുപക്ഷ സർക്കാരിന്റെ കാർഷിക വിദ്യാഭ്യാസ നയങ്ങൾക്കെതിരെയും, രൂക്ഷമായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റം നിയന്ത്രിക്കാൻ നടപടികൾ സ്വീകരിക്കാൻ തയ്യാറാകാത്തതിലും പ്രതിഷേധിച്ച് കേരളാ കോൺഗ്രസ് (എം) ചേർത്തല നിയോജകമണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സായാഹ്ന ധർണ നടത്തി.

പാർട്ടി ആലപ്പുഴ ജില്ലാ പ്രസിഡണ്ട് വി.ടി.ജോസഫ് ഉദ്ഘാടനം ചെയ്തു. നിയോജകമണ്ഡലം പ്രസിഡണ്ട് തോമസ് വടക്കേക്കര അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി വി.സി.ഫ്രാൻസിസ്, സി.ഇ.അഗസ്റ്റിൻ, ജോർജ് ജോസഫ് ചക്കുങ്കൽ, ജയിംസ് അഴകത്തറ, കെ.ജെ. തോമസ്, പി.എ.ജോൺ, എ.ജോർജ്, വി.വി.മോഹനൻ, ജേക്കബ് അഞ്ചേക്കര എന്നിവർ പ്രസംഗിച്ചു.

## എം. ജി. യൂണിവേഴ്സിറ്റി വിദ്യാർത്ഥികളെ കൊള്ളയടിക്കുന്നു

### കെ.എസ്.സി.(എം)

വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനും, ജോലിക്കും പോകുന്നതിനുള്ള ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് സർട്ടിഫിക്കറ്റ് (മാർക്ക് ലിസ്റ്റിനും, സിലബസിനും) നല്കുന്നതിൽ എം.ജി.യൂണിവേഴ്സിറ്റി മനഃപൂർവം കാലതാമസം വരുത്തുകയാണെന്ന് കെ.എസ്.സി (എം) കോട്ടയം ജില്ലാ കമ്മിറ്റി ആരോപിച്ചു. ഇതുമൂലം എം.ജി.യൂണിവേഴ്സിറ്റിയിൽ നിന്നും പഠിച്ചിറങ്ങി ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം കാത്തിരിക്കുന്ന വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലായിരിക്കുകയാണ്.

ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് സർട്ടിഫിക്കറ്റിന്റെ ഒരു കോപ്പിക്ക് ആയിരം രൂപാ നിരക്കിൽ വിദ്യാർത്ഥികളിൽ നിന്ന് അന്യായ ഫീസ് ഈടാക്കുന്ന യൂണിവേഴ്സിറ്റിയിൽ നൂറുകണക്കിന് അപേക്ഷകളാണ് കെട്ടിക്കിടക്കുന്നത്. കേരളത്തിൽ ഉന്നത വിദ്യാഭ്യാസമേഖല അനിശ്ചിതത്വത്തിലായ സാഹചര്യത്തിൽ വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനു ശ്രമിക്കുന്ന വിദ്യാർത്ഥികളെ നിരുത്സാഹപ്പെടുത്തുന്ന നടപടികളിൽ നിന്ന് യൂണിവേഴ്സിറ്റി പിന്മാറണം. അല്ലാത്ത പക്ഷം ശക്തമായ സമര പരിപാടികൾ ആരംഭിക്കുമെന്ന് കെ.എസ്.സി (എം) മുന്നറിയിപ്പ് നല്കി.

ജില്ലാ പ്രസിഡണ്ട് അമൽ വിൻസെന്റ് അധ്യക്ഷത വഹിച്ചു. കേരളാ കോൺഗ്രസ് (എം) ജില്ലാ പ്രസിഡണ്ട് ഇ.ജെ.ആഗസ്തി യോഗം ഉദ്ഘാടനം ചെയ്തു. മജു പുളിക്കൻ, റിജോ കടവൻ, റ്റോബിൻ കെ.അലക്സ്, റ്റിജോ മണ്ണൂർ, അനൂപ് മുഴുവണ്ണൂർ, ജോജിൻ പുളിക്കൻ, സലിലാൽ തോമസ്, ഡെയ്സൺ വാവേലി, ബോബി കുട്ടപ്പൻ, സൻസു സണ്ണി, മെജോ ജോൺ, ജിപു തോമസ്, ജോസ് കൂട്ടുങ്കൽ എന്നിവർ പ്രസംഗിച്ചു.

## സംസ്ഥാനത്തെ സ്ഥിതി വിമോചനസമര കാലഘട്ടത്തെക്കാൾ ഗുരുതരം

### അഡ്വ. ജോബ് മൈക്കിൾ




ആദ്യ കമ്യൂണിസ്റ്റു സർക്കാരിനെ പിരിച്ചുവിട്ടതിന്റെ അമ്പതാം വാർഷികത്തോടനുബന്ധിച്ച് യൂത്ത് ഫ്രണ്ട് (എം) പത്തനംതിട്ട ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സമ്മേളനം സംസ്ഥാന പ്രസിഡണ്ട് അഡ്വ.ജോബ് മൈക്കിൾ ഉദ്ഘാടനം ചെയ്യുന്നു.

വിമോചനസമരകാലഘട്ടത്തെക്കാൾ ഗുരുതരസ്ഥിതിയാണ് സംസ്ഥാനത്ത് സംജാതമായിരിക്കുന്നതെന്ന് കേരളാ യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന പ്രസിഡണ്ട് അഡ്വ.ജോബ് മൈക്കിൾ ആരോപിച്ചു.

ആദ്യ കമ്യൂണിസ്റ്റ് സർക്കാരിനെ പിരിച്ചുവിടുന്നതിലേക്ക് വഴിവച്ച ജനാധിപത്യ ധ്വംസന നയങ്ങൾ തന്നെയാണ് നിലവിലെ ഇടതുസർക്കാരും അനുവർത്തിക്കുന്നത്. അഴിമതിയിൽ നിന്ന് മാധ്യമങ്ങളുടെയും ജനങ്ങളുടെയും ശ്രദ്ധ തിരിക്കുവാനും പിണറായി വിജയൻ ഉൾപ്പെടെയുള്ള അഴിമതി സിൻഡിക്കേറ്റിനെ രക്ഷിക്കാനുമായി അനാവശ്യ വിവാദങ്ങൾ മന്ത്രിമാരുടെ മേല്നോട്ടത്തിൽ നടത്തിവരികയാണ്. വിദ്യാഭ്യാസം, ദേവസ്വം തുടങ്ങിയ വകുപ്പുകളുടെ കുത്തഴിഞ്ഞ അവസ്ഥയ്ക്ക് ഇതാണ് കാരണമെന്നും ജോബ് മൈക്കിൾ പറഞ്ഞു.

ആദ്യ കമ്യൂണിസ്റ്റു സർക്കാരിനെ പിരിച്ചുവിട്ടതിന്റെ അമ്പതാംവാർഷികത്തോടനുബന്ധിച്ച് യൂത്ത് ഫ്രണ്ട് (എം) പത്തനംതിട്ട ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജില്ലാ പ്രസിഡണ്ട് വി.ആർ.രാജേഷ് അധ്യക്ഷത വഹിച്ചു. കേരളാ കോൺഗ്രസ് (എം) ജില്ലാ പ്രസിഡണ്ട് വിക്ടർ ടി.തോമസ്, കെ.ആർ.രവി, ജേക്കബ് വഞ്ചിപ്പാലം, വർഗീസ് ജോൺ, മജ്നു എം.രാജൻ, ഷിബു സി.സാം, അജു പി.ഏബ്രഹാം, തോമസ് ജോർജ്, ഡേവിഡ് ശാമുവേൽ, ജേക്കബ് മാമ്മൻ, ജോജി ചെന്തിയത്ത്, അലക്സ് ബി.മാത്യു, ബേബി കാക്കനാപ്പള്ളി, മനീഷ് മോഹൻ, രജ്ഞിത്ത് വടക്കേക്കരയത്ത്, എബിൻ ഇളയശ്ശേരിൽ എന്നിവർ പ്രസംഗിച്ചു.

## ഇരിങ്ങാലക്കുടയിൽ പഠനക്യാമ്പ്



കേരളാ കോൺഗ്രസ് (എം) ഇരിങ്ങാലക്കുട നിയോജകമണ്ഡലം പഠനക്യാമ്പിനു മുന്നോടിയായി പ്രസിഡണ്ട് റോക്കി ആളൂക്കാരൻ പാർട്ടി പതാക ഉയർത്തുന്നു. ജില്ലാ സെക്രട്ടറി ടി.കെ.വർഗീസ് മാസ്റ്റർ, അഡ്വ.തോമസ് ഉണ്ണിയാടൻ എംഎൽഎ, പി.വി.ഔസേപ്പ്, സിജോയ് തോമസ്, സി.ഡി.ഡേവിസ്, ഇ.വി.ആന്റോ, തോമസ് ജോസ് അഞ്ചേരി, സി.യു. മേഴ്സി ടീച്ചർ എന്നിവർ സമീപം.

നാരദൻ

# പതിമൂന്നാം പേജ്

## ആരും ചെണ്ട കൊട്ടിക്കാതിരിക്കട്ടെ



**അ**വസാനംവരെ സഹിച്ചുനില്ക്കുന്നവൻ രക്ഷ പ്രാപിക്കുമെന്നു പറയുന്നതു വെറുതെയല്ല. ഏറ്റവും പുതിയ ഉദാഹരണമായി ദേവസ്വം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ നമ്മുടെ മുമ്പിൽ നില്ക്കുന്നു. സിപിഎമ്മിന്റെ വിശ്വസ്തവിധേയനായി 1980 മുതൽ ഇടതുചേരിയിലുറച്ചുനില്ക്കുന്ന ശ്രീമാൻ രാമചന്ദ്രന് തലയൊന്നു കുലുക്കിയാൽ സ്ഥാനമാനങ്ങൾ ലഭിക്കാൻ പണ്ടേ സാഹചര്യമുണ്ടായിരുന്നുവെന്നാണു പത്രക്കാര് പറയുന്നുത്. പക്ഷേ, രാമചന്ദ്രൻ കുലുക്കിയില്ല. കാരണം ആദർശമാണു വലുത്. വലിയ ആദർശക്കാരൻ ആന്റണിക്കൊപ്പം ഇടത്തോട്ടു വന്ന രാമചന്ദ്രൻ പിന്നെ എങ്ങോട്ടും പോയില്ല. കാളിദാസൻ മരിച്ചു, കണ്വമാമുനി മരിച്ചു, ശകുന്തള മാത്രം മരിച്ചില്ല എന്നു ചലച്ചിത്രഗാനത്തിൽ പറയുംപോലെ ആന്റണി പോയി, ചാക്കോ പോയി, രാമചന്ദ്രൻ മാത്രം പോയില്ല. കുറച്ചധികം കൃതാവും കോൺഗ്രസ് (എസ്) എന്ന ചെറുകക്ഷണവുമായി രാമചന്ദ്രൻ പിടിച്ചുനിന്നു. ഈ നേരത്ത് ഇങ്ങനെയൊരു മന്ത്രിസ്ഥാനം നമ്മളോ രാമചന്ദ്രനോ പ്രതീക്ഷിച്ചില്ല. മുമ്പേ പറഞ്ഞില്ലേ, അവസാനം വരെ പിടിച്ചുനില്ക്കുന്നവൻ അഥവാ സഹിച്ചു നില്ക്കുന്നവൻ രക്ഷ പ്രാപിക്കും.

ഭഗവാൻ പ്രസാദിക്കുന്നതെപ്പോഴെന്നു ഭക്തനറിയില്ലല്ലൊ. ചിലപ്പോൾ നീണ്ടകാലത്തെ തപസ്സു വേണ്ടിവരും. രാമചന്ദ്രന്റെ കാര്യത്തിൽ അതാണു സംഭവിച്ചിരിക്കുന്നത്. പിണറായി ഭഗവാൻ പ്രസാദിക്കാൻ കുറച്ചുവൈകി. എങ്കിലും പ്രസാദിച്ചല്ലൊ. ഇടതുജനാധിപത്യമുന്നണി ഗവൺമെണ്ട് അധികാരത്തിലേറിയതിനുശേഷം നടത്തിയ കൊള്ളാവുന്ന ഒരു കാരുണ്യപ്രവൃത്തി ഇതു തന്നെയെന്നു പറഞ്ഞാലും തെറ്റില്ല.

ഏതായാലും മംഗളവാദ്യവുമായാണു മന്ത്രിപ്പണിയുടെ തുടക്കം. തിരുവിതാംകൂർ ദേവസ്വം ബോർഡ് ആദ്യമായി ഒരുക്കിയ ക്ഷേത്രകലാപീഠം ക്ഷേത്രകലോത്സവത്തിന്റെ ഉദ്ഘാടനത്തിനെത്തിയ മന്ത്രി പഞ്ചവാദ്യം, നാഗസ്വരം, തകിൽ, ചെണ്ട, കൊമ്പ്, കുഴൽ, ഇടയ്ക്ക തുടങ്ങിയ വാദ്യോപകരണങ്ങൾ കണ്ടു സന്തോഷത്താൽ മതിമറന്നുവത്രെ. തകിലും ചെണ്ടയുമൊക്കെ ചുമ്മാതട്ടിനോക്കിയ അദ്ദേഹം നാഗസ്വരം അല്പം ഊതിനോക്കാനും മടിച്ചില്ല. തന്നത്താൻ ഒന്നോ രണ്ടോ ചെണ്ടയടിക്കുന്നതുകൊണ്ട് കുഴപ്പമൊന്നും വരാനില്ല. പക്ഷേ, ഭാവിയിൽ മറ്റാരും മന്ത്രിയെ ചെണ്ടകൊട്ടിക്കാതിരിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. ✠

## അടുത്ത സെറ്റ് വെടിക്കെട്ട് ഉടൻ ആരംഭിക്കും

**വെ**ടിക്കെട്ട് ഇഷ്ടമില്ലാത്തവരുണ്ടോ? കുറെ തീയും പുകയുമല്ലാതെ വെടിക്കെട്ടിലെന്തിരിക്കുന്നുവെന്നു കൈക്രിയ കാണിക്കുന്ന അരസികന്മാർ പലരുണ്ടെങ്കിലും വെടിക്കെട്ടിനൊരാനച്ചന്തമുണ്ടെന്നു രസികന്മാർ സമ്മതിക്കും. ഗുണ്ടും പടക്കവും വാണവും വർണക്കുടകളും ലാത്തിരിപൂത്തിരികളുമെല്ലാം ചേർന്നു സൃഷ്ടിക്കുന്ന മായാപ്രപഞ്ചം അനവദ്യസുന്ദരം തന്നെ.



സംഗതി ശരിക്കും സ്ഫോടനാത്മകമായതുകൊണ്ടു വെടിക്കെട്ടു കത്തിക്കുന്നവർ നന്നായി സൂക്ഷിക്കണമെങ്കിലും കണ്ടുനില്ക്കുന്നവർക്ക് അത്രയും പേടിക്കാനില്ല. സൂക്ഷിച്ചുനില്ക്കണമെന്നേയുള്ളൂ. പക്ഷേ, വെടിക്കെട്ടു കഴിയുമ്പോൾ ആകെയൊരു ശൂന്യതയാണ്. എന്തോ നഷ്ടപ്പെട്ടതുപോലെ ആളുകൾ വീട്ടിലേക്കു വിഷണ്ണരായി മടങ്ങുന്നു. മാധ്യമപ്രേമികളായ മലയാളികൾ ഏതാണ്ട് ഈ അവസ്ഥയിലാണിന്ന്. അച്യുതാനന്ദൻ-പിണറായി വെടിക്കെട്ട് നടന്നുകൊണ്ടിരുന്നപ്പോൾ ആളുകൾക്ക് എന്തു സന്തോഷമായിരുന്നു! എല്ലാം പ്രകാശ്കാരാട്ട് എന്ന അരസികൻ കെടുത്തിക്കളഞ്ഞെന്നു പറഞ്ഞാൽ മതിയല്ലൊ. മുമ്പ് അച്യുതാനന്ദൻ എവിടെയെങ്കിലും നിന്നു മുനവച്ചു സംസാരിക്കുന്നു. അതിനു മറുപടിയായി മറ്റൊരിടത്തുനിന്നു പിണറായി മുള്ളുവച്ചു സംസാരിക്കുന്നു. ചെറിയ തീപ്പൊരി കിട്ടിയാൽ അത് ഒന്നാന്തരം വെടിക്കൊട്ടാക്കാനറിയാവുന്ന മാധ്യമപ്പടകൂടിയാകുമ്പോൾ സംഗതി ജോർ! ഇപ്പോൾ വെടിക്കെട്ടുപോയിട്ട് വെറും പൊട്ടാസുപോലും നമ്മുടെ പ്രിയമുഖ്യൻ പൊട്ടിക്കുന്നില്ല. ഹർജികൾ വെട്ടുകയും തിരുത്തുകയും ചെയ്യുന്ന തിരക്കിൽ പിണറായി സഖാവിനും നേരമില്ലാതായിരിക്കുന്നു ഒന്നിനും.

കാര്യങ്ങളിങ്ങനെയൊക്കെയാണെങ്കിലും നാം പ്രതീക്ഷ കൈവെടിയരുത്. അടുത്ത സെറ്റ് വെടിക്കെട്ട് അണിയറയിലൊരുങ്ങുന്നുവെന്നാണ് കേൾവി. പിണറായി പക്ഷമെന്നൊരു പക്ഷമുണ്ടെങ്കിൽ അവിടെ വീണ്ടും പുതിയ പക്ഷങ്ങൾ ഉണ്ടാകുന്നു. മന്ത്രി തോമസ് ഐസക്ക് വലിയ സാറാകാൻ ഭാവിക്കുന്നുണ്ടെങ്കിൽ അതു നടപ്പില്ലെന്നാണു വാമൊഴിവഴക്കം ഫെയിം ജി. സുധാകരന്റെ നിലപാട്. സുധാകരനു കൂട്ട് ഇ.പി. ജയരാജനുമുണ്ട്. അഴിമതിക്കാരായ വാണിജ്യവകുപ്പുദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തില്ലെങ്കിൽ മന്ത്രി തോമസ് ഐസക്കിന്റെ കീഴിലുള്ള വാണിജ്യവകുപ്പിനെതിരെ കോടതിയെ സമീപിക്കുമെന്നാണു ജയരാജൻ പ്രഖ്യാപിച്ചിരിക്കുന്നത്. ദേവസ്വം നഷ്ടപ്പെട്ട സുധാകരനും ജയരാജനും ഐസക്കുമെല്ലാം ചേർന്നവതരിപ്പിക്കുന്ന അടുത്തസെറ്റ് വെടിക്കെട്ടിനായി നമുക്കു പ്രതീക്ഷയോടെ കാത്തിരിക്കാം. ✠

# മൊഴിയും മറുമൊഴിയും

ചാണക്യൻ

**കോൺ**ഗ്രസിൽ പാപം ചെയ്യാത്തവരായി ആരെങ്കിലുമുണ്ടെങ്കിൽ അവർ തന്നെ കല്ലെറിയട്ടേയെന്ന് എൻ.സി.പി വിട്ട കെ.മുരളീധരൻ.

➢ **സോണിയാഗാന്ധിയെപ്പോലുള്ള പാവങ്ങൾ കല്ലേറിയുകേലെന്നു കരുതി മുരളീധരാ, ചുമ്മാ ധൈര്യപ്പെടരുതേ!**

* * * * *

**കേ**രളത്തിൽ മാധ്യമങ്ങൾ ചർച്ചാവിഷയം എന്നതിനപ്പുറം തലവേദനയായി മാറുകയാണെന്നു ഡോ.കെ.എൻ.പണിക്കർ.

➢ **ചില സമയങ്ങളിൽ ഓക്കാനമായും ഒഴിച്ചിലായും മാറുന്നില്ലേയെന്നും സംശയമുണ്ട്.**

* * * * *

**സി**പിഎമ്മിലെ ഗ്രൂപ്പിസത്തിന്റെ ഇരയാണു താനെന്നു സാഹിത്യ അക്കാദമി പ്രസിഡണ്ട് എം. മുകുന്ദൻ.

➢ **ഇത്തരം കുറെ ഇരകളുണ്ട് മുകുന്ദാ. അക്കാദമിയിലെ പണിപോയിക്കഴിയുമ്പോൾ ഉത്സാഹിച്ചാൽ ഈ ഇരകളുടെ നേതാവാകാം.**

* * * * *

**ഞാൻ** ഹനുമാനായിരുന്നു, ഇപ്പോൾ എന്നെ രാവണനെപ്പോലെയാണു കണക്കാക്കുന്നതെന്നു ബിജെപിയിൽനിന്നു പുറത്താക്കപ്പെട്ട ജസ്വന്ത് സിംഗ്.

➢ **ഹനുമാനായിരുന്ന കാലത്തു കൊള്ളാവുന്ന വല്ലിടത്തോട്ടും ഒറ്റച്ചാട്ടം വച്ചുകൊടുത്തിരുന്നെങ്കിൽ ഈ ഗതി വരില്ലായിരുന്നു.**

* * * * *

പ്രധാനമന്ത്രിയടക്കമുള്ള കോൺഗ്രസ് മന്ത്രിമാരും ജനപ്രതിനിധികളും ഒരു വർഷം ശമ്പളത്തിന്റെ 20 ശതമാനം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കും.

*- പത്രറിപ്പോർട്ട്*

➢ **മുടിച്ചു, പലർക്കും ഇനി കിമ്പളത്തുക 20 ശതമാനം കൂട്ടേണ്ടിവരില്ലേ സോണിയാജീ?**

* * * * *

**എ**സ്.എൻ.ഡി.പി യോഗത്തിൽ ഒപ്പമുള്ളവരെയെല്ലാം കത്തിമുനയിൽ നിർത്തി ഭീഷണിപ്പെടുത്തിയാണു വെള്ളാപ്പള്ളി നടേശൻ പ്രസ്ഥാനത്തെ നയിക്കുന്നതെന്നു ശ്രീനാരായണ ധർമവേദി ചെയർമാൻ ഗോകുലം ഗോപാലൻ.

➢ **വെള്ളാപ്പള്ളിയുടെ 'കത്തി'ക്കു മുമ്പിൽ പാവം ഗോപാലൻചേട്ടന്റെ 'ബ്ലേഡ്' എന്ത് അല്ലേ?**

* * * * *

**സി**പിഎം വിപ്ലവപാതയിൽനിന്നു വ്യതിചലിച്ചുവെന്നു എം.സി.പി.ഐ(യു) സംസ്ഥാന സെക്രട്ടറി വി.ബി.ചെറിയാൻ.

➢ **എങ്ങനെ വ്യതിചലിക്കാതിരിക്കും ചെറിയാനേ, വിപ്ലവപാത പണ്ടത്തെപ്പോലെയാണോ ഇപ്പോൾ; തെന്നിത്തെന്നിയല്ലേ കിടക്കുന്നത്?**

* * * * *

**മൂ**ന്നാം ബദലിനായി സിപിഎം ഇനിയും ശ്രമിക്കുമെന്ന് അഖിലേന്ത്യാ ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട്.

➢ **അച്യുതാനന്ദൻ-പിണറായിമാർക്കിടയിലിരുന്നു മടുക്കുമ്പോൾ ഒരു നേരമ്പോക്കു നല്ലതു തന്നെ.**

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK






# ഖാണ്ഡവദഹനവും ദിവ്യാസ്ത്രലാഭവും

സവ്യസാചി

സുഭദ്രയും അർജ്ജുനനും ഇന്ദ്രപ്രസ്ഥത്തിലെത്തിയതിനു പിന്നാലെ, ബലരാമന്റെയും ശ്രീകൃഷ്ണന്റെയും നേതൃത്വത്തിൽ ദ്വാരകയിൽ നിന്നു പോന്ന യാദവസംഘവും സ്ഥലത്തെത്തി. അവർ സുഭദ്രയ്ക്കും അർജ്ജുനനും ധാരാളം സമ്മാനങ്ങൾ നല്കി. കൊട്ടാരത്തിലുള്ളവർക്കും പ്രത്യേകം പ്രത്യേകം സമ്മാനം ലഭിച്ചു. നവദമ്പതിമാർക്ക് ആശിസ്സും അനുഗ്രഹവും നല്കി, ശ്രീകൃഷ്ണനൊഴികെ എല്ലാവരും മടങ്ങിപ്പോവുകയും ചെയ്തു.

അങ്ങനെയിരിക്കെ ഒരു ദിവസം യമുനയിൽ മുങ്ങിക്കുളിച്ചു കയറിയ ശ്രീകൃഷ്ണാർജ്ജുനന്മാരുടെ അടുത്ത് തേജസ്വിയായ ഒരു ബ്രാഹ്മണൻ വന്നു കൈകൂപ്പി നിന്നു.

ഞാൻ അഗ്നിയാണ്, ബ്രാഹ്മണൻ പറഞ്ഞു. പണ്ടു ശ്വേതകി എന്ന രാജാവ് നടത്തിയ നിരവധി യാഗങ്ങളിൽ ഹവിസ്സു ഭക്ഷിച്ച എനിക്ക് ദഹനക്കേട് പിടിപെട്ടു. യമുനാതീരത്തുള്ള ഖാണ്ഡവവനം ഭക്ഷണമാക്കിയാൽ ദഹനക്കേടുമാറുമെന്നു ബ്രഹ്മാവ് പ്രതിവിധി ഉപദേശിച്ചു. പക്ഷേ എത്ര ശ്രമിച്ചിട്ടും ഖാണ്ഡവവനം ദഹിപ്പിക്കാൻ കഴിയുന്നില്ല. വനത്തിനു തീപിടിക്കുമ്പൊഴേ ഇന്ദ്രൻ മഴപെയ്യിക്കും. ഇന്ദ്രന്റെ സുഹൃത്തായ നാഗരാജൻ തക്ഷകന്റെ വാസസ്ഥലമാണു ഖാണ്ഡവവനം. അതാണു കാരണം.

പിന്നെ അവിടെത്താമസിക്കുന്ന ആയിരക്കണക്കിന് ആനകൾ തുമ്പികൈയിൽ വെള്ളം നിറച്ചുകൊണ്ടുവന്ന് വനത്തിലേക്കു ചീറ്റും. പതിനായിരക്കണക്കിനു നാഗങ്ങളും അവരുടെ പത്തികളിൽ വെള്ളം കൊണ്ടുവന്നു വനത്തിലൊഴിക്കും. ഇക്കാരണത്താൽ ഖാണ്ഡവദഹനം പൂർത്തിയാക്കാൻ കഴിയുന്നില്ല. നിങ്ങൾ എന്നെ സഹായിക്കണം.

അർജ്ജുനൻ പറഞ്ഞു: തീർച്ചയായും സഹായിക്കാം. പക്ഷേ അതിനു പറ്റിയ ആയുധങ്ങൾ ഇപ്പോൾ ഞങ്ങൾക്കില്ല. മഴ തടഞ്ഞു നിർത്താനും കാട്ടിലെ മൃഗങ്ങളും മറ്റും പുറത്തുപോകാതെ തീയിൽ ദഹിച്ചുകിട്ടാൻ വേണ്ടി തടഞ്ഞുനിർത്താനും ഇപ്പോഴുള്ള ആയുധങ്ങൾ മതിയാകില്ല. അതു പരിഹരിക്കാമെങ്കിൽ അങ്ങയെ സഹായിക്കുന്ന കാര്യം ഞങ്ങളേറ്റു.

ശ്രീകൃഷ്ണനും അതു സമ്മതമായി. അദ്ദേഹം അഗ്നിദേവനോടു പറഞ്ഞു: അർജ്ജുനന്റെ ആവശ്യം നിറവേറ്റി കൊടുക്കാൻ അങ്ങേക്ക് എളുപ്പത്തിൽ കഴിയും. അതു ചെയ്യുക.

അഗ്നി വരുണനെ ധ്യാനിച്ചു. വരുണദേവൻ പ്രത്യക്ഷപ്പെട്ട് ശ്രീകൃഷ്ണാർജ്ജുനന്മാർക്കായി രണ്ട് ആയുധങ്ങൾ സമ്മാനിച്ചു. ഗാണ്ഡീവവും ചക്രായുധവും പിന്നെ ഒരു രഥവും.

ഗാണ്ഡീവചാപവും അസ്ത്രമൊടുങ്ങാത്ത ആവനാഴിയും വാനരൻ കൊടിയടയാളമായുള്ള മനോഹരമായ രഥവും സമ്മാനിച്ചുകൊണ്ട് അഗ്നിദേവൻ പാർത്ഥനോടു പറഞ്ഞു: ഇത് ഇന്നുള്ളതിലേക്കും വച്ച് ഏറ്റവും മഹത്തായ വില്ലാണ്. ഇതോടൊപ്പമുള്ള ആവനാഴിയിൽ ഒരിക്കലും അമ്പുകൾ തീരില്ല. എടുക്കുന്നതിനനുസരിച്ച് പുതിയത് ഉണ്ടായി വന്നുകൊള്ളും. എന്നും നിറഞ്ഞ ആവനാഴി. ഈ വില്ലിൽ നിന്നു നീ തൊടുക്കുന്ന അമ്പുകൾ ശത്രുക്കൾക്ക് നേരേ പായുമ്പോൾ ഒന്നു നൂറും നൂറ് ആയിരവും ആയിരം പിന്നെ പതിനായിരവുമായി മാറും. അസ്ത്രവിദ്യയിൽ നിന്നെ ജയിക്കാൻ ഇനി ലോകത്താർക്കും കഴിയുകയുമില്ല.



**_അങ്ങനെയിരിക്കെ ഒരു ദിവസം യമുനയിൽ മുങ്ങിക്കുളിച്ചു കയറിയ ശ്രീകൃഷ്ണാർജുനന്മാരുടെ അടുത്ത് തേജസ്വിയായ ഒരു ബ്രാഹ്മണൻ വന്നു കൈകൂപ്പി നിന്നു._**

ചക്രായുധം കൃഷ്ണനു കൈമാറിക്കൊണ്ട് അഗ്നിദേവൻ പറഞ്ഞു: ഇതിനു നേരേ നില്ക്കാൻ ലോകത്തൊരു ശക്തിക്കും കഴിയുകയില്ല. ആരുടെ നേരേ ഈ ആയുധം പ്രയോഗിക്കുന്നുവോ അത് ലക്ഷ്യം നിറവേറ്റിയ ശേഷം അങ്ങയുടെ പക്കൽ തന്നെ തിരിച്ചെത്തും.

ഒന്നുകൂടി പറയാനുണ്ട്. അഗ്നി തുടർന്നു: നിങ്ങളുടെ ആവശ്യം കഴിയുമ്പോൾ ഈ ആയുധങ്ങൾ രണ്ടും വരുണനെ തിരിച്ചേല്പിക്കണം.

ബ്രാഹ്മണനു നന്ദി പറഞ്ഞുകൊണ്ട് അർജ്ജുനൻ നിർദേശിച്ചു: ഇനി അങ്ങ് തുടങ്ങിക്കോളൂ. ബാക്കിയെല്ലാം ഞങ്ങൾ നോക്കിക്കൊള്ളാം.

പെട്ടെന്ന് ബ്രാഹ്മണൻ അപ്രത്യക്ഷനായി. ഖാണ്ഡവവനത്തിന്റെ മേൽ അഗ്നി പെയ്തിറങ്ങി. പെരുമഴയുടെ ആരവത്തോടെ അഗ്നി ജ്വാലകൾ ആകാശത്തേക്കുയർന്നു. വനത്തിൽ നിന്ന് ഒരു ജീവി പോലും പുറത്തുപോകാൻ പാടില്ല. അക്കാര്യം അർജ്ജുനകൃഷ്ണന്മാരുടെ ചുമതല. പുറത്തേക്ക് ചാടാനോ പറക്കാനോ ഒരുങ്ങിയവയൊക്കെ അർജ്ജുനന്റെ അമ്പുകൾക്കും ശ്രീകൃഷ്ണന്റെ ചക്രായുധത്തിനും ഇരയായി.

അപ്പോഴേക്കും ആകാശമാർഗത്തിൽ ദേവകളും ദേവേന്ദ്രനും എത്തിച്ചേർന്നു. ഖാണ്ഡവവനം കത്തിയമരുന്നതുകണ്ട ഇന്ദ്രൻ മേഘങ്ങൾക്ക് കല്പന നല്കി. ഇരമ്പിയെത്തിയ മേഘങ്ങൾ അർജ്ജുനബാണങ്ങളേറ്റു ചിന്നിച്ചിതറി. പെയ്തു വീണ ജലമത്രയും ഭൂമിയിലെത്തും മുമ്പേ ആവിയായി മാറി അപ്രത്യക്ഷമായി.

ക്ഷുഭിതനായ ദേവേന്ദ്രൻ ആയുധങ്ങളെടുത്തു കൃഷ്ണാർജ്ജുനന്മാർക്കെതിരെ പോരിനിറങ്ങി. ഒപ്പം മറ്റു ദേവന്മാരും ആയുധങ്ങളുമായി നിരന്നു. പക്ഷേ പോരിൽ ദേവകൾക്കു പരാജയം ഏറ്റുവാങ്ങേണ്ടി വന്നു. അവരുടെ ദിവ്യാസ്ത്രങ്ങളെല്ലാം അർജ്ജുനന്റെ ഗാണ്ഡീവത്തിനും കൃഷ്ണന്റെ ചക്രായുധത്തിനും മുന്നിൽ നിഷ്പ്രഭങ്ങളായി. അവസാനം അവരെല്ലാം ഇന്ദ്രന്റെ ചുറ്റും നാണംകെട്ട് പതുങ്ങി നിന്നു. ദേവസൈന്യം പരാജയം വരിച്ചെങ്കിലും തന്റെ പുത്രന്റെ കൈവേഗവും അസ്ത്രപ്രയോഗ സാമർത്ഥ്യവും ഇന്ദ്രനെ ഗൂഢമായി ആഹ്ലാദിപ്പിച്ചു. അതു പുറത്തു കാണിക്കാതെ അദ്ദേഹം പിന്നെയും പിന്നെയും അസ്ത്രങ്ങൾ അയച്ച് അർജ്ജുനവിജയത്തിനു കളമൊരുക്കി.

ഒടുവിൽ ഇന്ദ്രൻ ഒരു വലിയ പർവതശിഖരം അടർത്തിയെടുത്ത് കൃഷ്ണാർജ്ജുനന്മാർക്കു നേരേ വലിച്ചെറിഞ്ഞു. അന്തരീക്ഷത്തിൽ വച്ചു തന്നെ അർജ്ജുനബാണങ്ങൾ പർവതത്തെ ആയിരക്കണക്കിനു കഷണങ്ങളാക്കി. എങ്കിലും അത് ചെന്നു വീണ കാനനഭാഗങ്ങളിലെല്ലാം ജീവജാലങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങി.

ഇത്രയുമായപ്പോൾ ഒരശരീരി കേട്ടു. ദേവേന്ദ്രസുഹൃത്തായ തക്ഷകൻ ഇപ്പോൾ ഖാണ്ഡവവനത്തിലില്ലെന്നും കൃഷ്ണാർജ്ജുനന്മാരെ ജയിക്കാൻ ആർക്കും സാധ്യമല്ലെന്നും യുദ്ധം നിർത്തുകയാണ് നല്ലതെന്നുമായിരുന്നു ദേവവാക്യം. അതോടെ ഇന്ദ്രൻ പിൻവാങ്ങി.

പെട്ടെന്ന് വനത്തിൽ താമസിച്ചിരുന്ന അസുരശില്പി മയാസുരൻ പുറത്തുവന്നു. അദ്ദേഹത്തെ നിഗ്രഹിക്കാൻ ശ്രീകൃഷ്ണൻ ചക്രായുധം കൈയിലെടുത്തു. അതുകണ്ടു മയൻ ഭയപ്പെട്ടോടി അർജ്ജുനനെ ശരണം പ്രാപിച്ചു. 'രക്ഷിക്കണേ' എന്നപേക്ഷിച്ചു. 'ഭയപ്പെടേണ്ട, ധൈര്യമായിരിക്കൂ' എന്ന് അർജ്ജുനൻ അദ്ദേഹത്തെ ആശ്വസിപ്പിച്ചു.

അപ്പോൾ തക്ഷകന്റെ പുത്രൻ അശ്വസേനൻ വനത്തിൽ നിന്ന് പുറത്തേക്കു വന്നു. ഖാണ്ഡവ ദഹനം ആരംഭിക്കും മുമ്പേ തക്ഷകൻ കുരുക്ഷേത്രത്തിലേക്കു പോയിരുന്നു. അശ്വസേനനെ തടഞ്ഞുകൊണ്ട് അർജ്ജുനന്റെ അമ്പുകൾ പാഞ്ഞു. അതുകണ്ട് അശ്വസേനന്റെ അമ്മ മകനെ രക്ഷിക്കാൻ വേണ്ടി തലമുതൽ വിഴുങ്ങി. വാൽ അകത്താകുമ്പോഴേക്കും അവളുടെ തല അർജ്ജുനബാണങ്ങളേറ്റു മുറിഞ്ഞുപോയി. സുഹൃത്തിന്റെ പുത്രനെ രക്ഷിക്കാൻ ഇന്ദ്രൻ കാറ്റുകളെ അഴിച്ചുവിട്ടു. അർജ്ജുനനു ചെറുതായൊരു മോഹാലസ്യവും ഉണ്ടായി. ഈ തക്കം കൊണ്ട് അശ്വസേനൻ രക്ഷപ്പെട്ടു.

അങ്ങനെ ഖാണ്ഡവദഹനം പൂർത്തിയായി. വനത്തിലുണ്ടായിരുന്ന ആയിരക്കണക്കിനു ജീവികൾ അഗ്നിയിൽ ദഹിച്ചു, വന്മരങ്ങൾ ചാമ്പലായി. മയാസുരനും അശ്വസേനനും നാലു ശാർങ്ഗകപ്പക്ഷികളും മാത്രമേ രക്ഷപ്പെട്ടുള്ളൂ.

ഇങ്ങനെയാണെങ്കിലും തന്നെ തോല്പിച്ച കൃഷ്ണാർജ്ജുനന്മാരോട് ദേവേന്ദ്രനു പിണക്കമുണ്ടായില്ല. അദ്ദേഹം അവരെ സന്ദർശിച്ച് ഖേദം പ്രകടിപ്പിക്കുകയും അർജ്ജുനനു ദിവ്യാസ്ത്രങ്ങൾ ഉപദേശിക്കുകയും ചെയ്ത് സന്തുഷ്ടനായി സ്വർഗത്തിലേക്കു മടങ്ങി.

*(തുടരും)*

CYAN MAGENTA YELLOW BLACK

# ന്യൂസ് ഡയറി

## (16-22 ആഗസ്റ്റ് 2009)

**പി. ആർ.**



## കേരളം



**16.** പൊതുമരാമത്തു മന്ത്രി മോൻസ് ജോസഫ് രാജി വച്ചു.

- തന്ത്രി കണ്ഠര് മഹേശ്വരർക്കൊപ്പം എത്തിയ മകനും മുൻ തന്ത്രിയുമായ കണ്ഠര് മോഹനരെ ശബരിമല സന്നിധാനത്ത് പ്രവേശിക്കുന്നതിൽ നിന്നും ദേവസ്വം അധികൃതർ വിലക്കി.
- അന്തരിച്ച കഥാകാരി മാധവിക്കുട്ടിയുടെ സഹോദരനും പ്രശസ്ത കവയിത്രി നാലപ്പാട്ട് ബാലാമണിയമ്മ-വി. എം.നായർ ദമ്പതികളുടെ മകനും അന്താരാഷ്ട്ര പ്രശസ്ത സൈക്യാട്രിസ്റ്റുമായിരുന്ന ഡോ.ശ്യാം സുന്ദർ നായർ (74) അന്തരിച്ചു.
- എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശന്റെ പ്രവർത്തനങ്ങളിൽ വിയോജിപ്പുള്ളവരുടെ കൂട്ടായ്മയായി, ഗോകുലം ഗോപാലൻ ചെയർമാനായും അഡ്വ.സി. കെ.വിദ്യാസാഗർ ജനറൽ കൺവീനറായും എം.ബി.ശ്രീകുമാർ കൺവീനറായും 'ശ്രീനാരായണ ധർമവേദി' കൊച്ചിയിൽ രൂപീകരിച്ചു.

**17.** പ്രമുഖ വ്യവസായി അനിൽ അംബാനി, അമ്മ കോകില ബെന്നിനൊപ്പം ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തി.

- പി.ജെ.ജോസഫ് (പൊതുമരാമത്ത്), രാമചന്ദ്രൻ കടന്നപ്പള്ളി (ദേവസ്വം), ജോസ് തെറ്റയിൽ (ഗതാഗതം) എന്നിവർ മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

**18.** കിൻഫ്ര, സൗത്ത് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് എന്നിവയുടെ നേതൃത്വത്തിൽ കോട്ടയം ജില്ലയിലെ നാട്ടകത്ത് നിർമിച്ച ഇന്ത്യയിലെ ആദ്യ ഉൾനാടൻ ചെറുതുറമുഖം വ്യവസായ മന്ത്രി എളമരം കരീം ഉദ്ഘാടനം ചെയ്തു.

- തേങ്ങായിടീൽ യന്ത്രം വികസിപ്പിച്ചെടുത്താൽ സമ്മാനമായി പത്തു ലക്ഷം രൂപ നല്കുമെന്ന് സംസ്ഥാന വ്യവസായ വകുപ്പ് പ്രഖ്യാപിച്ചു.

**19.** മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദന്റെ പ്രൈവറ്റ് സെക്രട്ടറി എസ്.രാജേന്ദ്രൻ രാജിവച്ചതോടെ തത്സ്ഥാനത്ത് കെ. ചന്ദ്രശേഖരപണിക്കർ നിയമിതനായി.

- ഹെൽമറ്റ് നിയമം എല്ലാ ജില്ലകളിലും കർശനമായി നടപ്പാക്കാൻ ഹൈക്കോടതി ഡിജിപിയോടു നിർദേശിച്ചു.
- ആസിയാൻ കരാറിലെ കർഷകർക്ക് ദോഷകരമാകുന്ന വ്യവസ്ഥകൾ ഭേദഗതി ചെയ്യണമെന്നും കരാർമൂലം ഭാവിയിൽ ഉണ്ടാകുന്ന സാമ്പത്തി കനഷ്ടം നികത്തുമെന്ന് കേന്ദ്രം ഉറപ്പുനല്കണമെന്നും കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി എം.എൽ.എ.



**20.** തമിഴ്നാടിന്റെ എതിർപ്പ് നിലനില്ക്കെ മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമിക്കുന്നതിനായി കേരളം സർവേ ആരംഭിച്ചു.



- സർക്കാരുമായി കരാറുണ്ടാക്കിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളജുകളിൽ മെറിറ്റ് സീറ്റിൽ മനേജുമെണ്ടു പ്രവേശനം നടത്തുന്നത് തടയണമെന്നാവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട രണ്ടു സ്വകാര്യ ഹർജികൾ പിൻവലിച്ചു.

**21.** ലാവ്‌ലിൻ കേസിൽ സെപ്റ്റംബർ 24നു കൊച്ചി സിബിഐ കോടതിയിൽ നേരിട്ടു ഹാജരാകാൻ ആവശ്യപ്പെട്ടു സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയന് സിബിഐ ഉദ്യോഗസ്ഥർ എകെജി സെന്ററിലെത്തി സമൻസ് നല്കി.



- കോയമ്പത്തൂർ സ്ഫോടനത്തെക്കുറിച്ച് പിഡിപി നേതാവ് മദനിക്ക് അറിവുണ്ടായിരുന്നുവെന്ന് കോഴിക്കോട് ഇരട്ടസ്ഫോടനക്കേസിൽ പിടിയിലായ അബ്ദുൾ ഹാഷിം മൊഴിനല്കി.

**22.** മുത്തൂറ്റ് ഗ്രൂപ്പ് ചെയർമാൻ മുത്തൂറ്റ് എം.ജോർജിന്റെ മകനും വ്യവസായിയുമായ പോൾ എം.ജോർജിനെ (32) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ പോങ്ങയിൽവച്ച് പുലർച്ചെ 12.30ന് പതിനഞ്ചംഗ അക്രമി സംഘം കുത്തിക്കൊലപ്പെടുത്തി.

- നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ കാസർകോട് പെരിയബസാർ ശാഖയിൽ നിന്ന് 33 കിലോഗ്രാം സ്വർണമുൾപ്പെടെ കൊള്ളയടിച്ച സംഘത്തിലെ മുഖ്യപ്രതി കൃഷ്ണമൂർത്തി (26) യെ കണ്ണൂർ എടയ്ക്കാടുനിന്നും പോലീസ് പിടികൂടി.



## ദേശീയം

**16.** കേസുകൾ ക്രമാതീതമായി കെട്ടിക്കിടക്കുന്നത് നീക്കം ചെയ്യുന്നതിന്റെ ഭാഗമായി രാജ്യത്ത് പുതുതായി 71 സിബിഐ കോടതികൾകൂടി സ്ഥാപിക്കുമെന്ന് പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗ്.



- ഹരിയാന ആരോഗ്യമന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന കർതാർ ദേവി (66) അന്തരിച്ചു.
- ആർ.എസ്.എസിനോടു ആഭിമുഖ്യം പുലർത്തുന്ന സംഘടനയായ രാഷ്ട്രീയ സിഖ് സംഘടിന്റെ അധ്യക്ഷൻ രുൽദ സിങ് (60) അക്രമികളുടെ വെടിയേറ്റു മരിച്ചു.

**17.** ലാവ്‌ലിൻ കേസിൽ തന്നെ പ്രോസിക്യൂട്ട് ചെയ്യാൻ സിബിഐക്ക് അനുമതി നല്കിയ ഗവർണറുടെ നടപടിക്കെതിരെ സിബിഐയെയ്ക്കൂടി കക്ഷി ചേർത്ത് പിണറായി വിജയൻ ക്രിമിനൽ ഹർജി ഫയൽ ചെയ്തു.

- ഇന്ത്യയിൽ ദളിത് വിഭാഗത്തിൽ നിന്നുള്ള കത്തോലിക്കാ സഭയിലെ ആദ്യ ബിഷപ്പായിരുന്ന ജോൺ മുളഗഡ (72) ആന്ധ്രാപ്രദേശിലെ ഏലൂരുവിൽ അന്തരിച്ചു.
- രാജ്യത്തേക്ക് നുഴഞ്ഞുകയറാൻ ശ്രമിച്ച ഒൻപത് പാകിസ്ഥാൻകാരെ ഗുജറാത്തിലെ കച്ച് മേഖലയോടു ചേർന്നുള്ള സർ കടലിടുക്കിൽ വച്ച് ബി.എസ്.എഫ് കസ്റ്റഡിയിലെടുത്തു.

**18.** ബിജെപിയിൽ യുവ നേതൃത്വം രംഗത്തെത്തേണ്ട സമയമായെന്ന് ആർഎസ്എസ് സർസംഘചാലക് മോഹൻ ഭഗവത്.



- ഇടമലയാർ കേസ് സംബന്ധിച്ച് കേരളമുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ നല്കിയ പ്രത്യേക അപേക്ഷ പരിഗണിക്കവെ സുപ്രീംകോടതിയിൽ ഹാജരാകാതിരുന്ന സംസ്ഥാന സ്റ്റാൻഡിംഗ് കൗൺസൽ ജി.പ്രകാശിനെ കേസിന്റെ ചുമതലയിൽനിന്നു നീക്കി.
- രാജ്യം കടുത്ത വരൾച്ചാഭീഷണിയിലാണെന്നും സംസ്ഥാനങ്ങൾ കർമപദ്ധതികൾക്ക് രൂപം നല്കണമെന്നും പ്രധാനമന്ത്രി ഡോ.മൻമോഹൻസിംഗ് മുന്നറിയിപ്പു നല്കി.

**19.** പാകിസ്ഥാൻ സ്ഥാപക നേതാവ് മുഹമ്മദലി ജിന്നയെ പുകഴ്ത്തുകയും സർദാർ വല്ലഭായ് പട്ടേലിനെ വിമർശിക്കുകയും ചെയ്യുന്ന 'ജിന്ന-ഇന്ത്യ, വിഭജനം, സ്വാതന്ത്ര്യം' എന്ന പുസ്തകം രചിച്ചതുവഴി പാർട്ടിയുടെ അടിസ്ഥാന നയങ്ങളിൽ നിന്നും വ്യതിചലിച്ചു എന്ന കാരണം ചൂണ്ടിക്കാട്ടി മുൻ കേന്ദ്രമന്ത്രിയും മുതിർന്ന നേതാവുമായ ജസ്വന്ത് സിംഗിനെ സിംലയിൽ ചേർന്ന ബിജെപിയുടെ ചിന്തൻ ബൈഠക്ക് പ്രാഥമികാംഗത്വത്തിൽനിന്നും പുറത്താക്കി.



- മൺസൂൺ മഴയിൽ ഉണ്ടായ കുറവുമൂലം രാജ്യത്തെ 5.7 ലക്ഷം ഹെക്റിലെ കൃഷി തടസ്സപ്പെട്ടെന്നും ഇത് അരിയുടെ ഉത്പാദനത്തിൽ ഒരു കോടി ടണ്ണിന്റെ കുറവുണ്ടാക്കുമെന്നും കൃഷി മന്ത്രി ശരദ് പവാർ.



- രാജ്യം കടുത്ത വരൾച്ച അഭിമുഖീകരിക്കുന്ന പശ്ചാത്തലത്തിൽ ദുരിതാശ്വാസ നിധിയിലേക്ക് പ്രധാനമന്ത്രി ഉൾപ്പെടെയുള്ള കോൺഗ്രസ് മന്ത്രിമാരും മറ്റു ജനപ്രതിനിധികളും ശമ്പളത്തിന്റെ 20 ശതമാനം ഒരു വർഷത്തേക്ക് നല്കുമെന്ന് കോൺഗ്രസ് ദേശീയ പ്രവർത്തകസമിതി യോഗം.
- ഗൾഫ് രാജ്യങ്ങളുൾപ്പെടെ 18 രാജ്യങ്ങളിലെ പ്രവാസി ഇന്ത്യക്കാർക്ക് അടിയന്തിര സഹായമെത്തിക്കുന്നതിനായി കേന്ദ്രസർക്കാർ ക്ഷേമനിധി പ്രഖ്യാപിച്ചു.

**20.** അടുത്ത സീസണിലെ നെല്ലുസംഭരണത്തിനായി ക്വിന്റലിന് നൂറുരൂപയുടെ വർധനവ് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചു.

**21.** 30 വർഷമായി ഒപ്പം നിന്നു പ്രവർത്തിച്ച ജസ്വന്ത് സിംഗിനെ പാർട്ടിയിൽനിന്നു പുറത്താക്കിയത് അനിവാര്യവും അതേസമയം വേദനാജനകവുമാണെന്ന് എൽ.കെ.അഡ്വാനി.

- വിവിധ സംസ്ഥാനങ്ങളിലെ 17 നിയമസഭാ സീറ്റുകളിലേക്കു നടന്ന ഉപതെരഞ്ഞെടുപ്പിൽ യുപിഎ ഒമ്പതു സീറ്റുകളിൽ വിജയിച്ചു.

**22.** 2002ലെ ഏറെ വിവാദമായ ശവപ്പെട്ടി കുംഭകോണക്കേസിൽ അന്നത്തെ പ്രതിരോധമന്ത്രിയായിരുന്ന ജോർജ് ഫെർണാണ്ടസിനെ ഒഴിവാക്കി സിബിഐ കുറ്റപത്രം സമർപ്പിച്ചു.

- ഡൽഹിയിലെ ബുദ്ധജയന്തി പാർക്കിൽ പതിനേഴുകാരിയെ കൂട്ട മാനഭംഗം ചെയ്തെന്ന 2003ലെ കേസിൽ രാഷ്ട്രപതിയുടെ അംഗരക്ഷക വിഭാഗത്തിലെ ഹർപ്രീത് സിംഗ്, സതേന്ദർ സിംഗ് എന്നിവർക്ക് ജീവപര്യന്തം തടവും മറ്റു രണ്ടുപേർക്ക് പത്തുവർഷം കഠിനതടവും ഡൽഹി അഡീഷണൽ സെഷൻസ് കോടതി വിധിച്ചു.



## വിദേശം

**16.** അനുമതി കൂടാതെ ഇന്യാനദി നീന്തിയതിനും ആങ് സാൻ സൂചിയെ തടങ്കലിൽ പാർപ്പിച്ചിരുന്ന വീട്ടിൽ പ്രവേശിച്ചതിനും ഏഴുവർഷത്തെ കഠിനതടവ് വിധിക്കപ്പെട്ട യു.എസ്.പൗരൻ ജോൺ യെറ്റാവിനെ മ്യാൻമറിലെ പട്ടാളഭരണകൂടം ശിക്ഷ ഒഴിവാക്കി നാടുകടത്തി.

- കുവൈറ്റിലെ ജാഹറ പട്ടണത്തിൽ വിവാഹപ്പന്തലിനു രാത്രിയിൽ തീപിടിച്ച് 45 മരണം.

**17.** സുന്നി തീവ്രവാദി വിഭാഗമായ സിപാഹി സഹാബയുടെ മേധാവി അല്ലാമ അലി ഷേർ ഹൈദരി ഉൾപ്പെടെ 52 പേർ പാകിസ്ഥാനിലെ ഷാബ്ഖാസാറിൽ നടന്ന ബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെട്ടു.

- വിവാഹസത്ക്കാരത്തിനിടെ കുവൈറ്റിലെ ജാഹറാ പട്ടണത്തിൽ തീപിടുത്തത്തിൽ 45 പേർ മരിച്ച സംഭവത്തിൽ ടെന്റിന് തീവച്ചതിന് വരന്റെ മുൻ ഭാര്യയെ അറസ്റ്റുചെയ്തു.

**18.** റഷ്യയിലെ നസ്റാൻ പ്രവിശ്യയിലെ പോലീസ് സ്റ്റേഷനു സമീപം നടന്ന ചാവേർ ബോംബ് സ്ഫോടനത്തിൽ 20 മരണം.

- പ്രസിഡണ്ട് തെരഞ്ഞെടുപ്പിന് രണ്ടു ദിവസം മാത്രം ശേഷിക്കെ പ്രസിഡണ്ട് ഹമീദ് കർസായിയുടെ കൊട്ടാരം ലക്ഷ്യമാക്കി താലിബാൻ പോരാളികൾ റോക്കറ്റ് ആക്രമണം നടത്തി.
- ദക്ഷിണകൊറിയയുടെ ജനാധിപത്യ ശില്പിയും നോബൽ സമാധാന സമ്മാന ജേതാവും മുൻ പ്രസിഡണ്ടുമായ ഡി.ജെ. എന്നറിയപ്പെട്ടിരുന്ന കിം ഡെജുങ് (85) അന്തരിച്ചു.

**19.** ഇറാഖ് തലസ്ഥാനമായ ബാഗ്ദാദിൽ ഒരു മണിക്കൂറിനിടെ ഉണ്ടായ ആറു സ്ഫോടനങ്ങളിൽ 95 പേർ കൊല്ലപ്പെട്ടു.

- മുംബൈ ഭീകരാക്രമണവുമായി ബന്ധപ്പെട്ട് ജമാ അത്തുദ്ദവാ നേതാവ് ഹാഫിസ് മുഹമ്മദ് സയിദിനെ ശിക്ഷിക്കാൻ ആവശ്യമായ തെളിവുകളില്ലെന്ന് പാകിസ്ഥാൻ രഹസ്യാന്വേഷണ വിഭാഗം ഐ.എസ്.ഐ.

**20.** 1988 ഡിസംബർ 21ന് 270 പേരുടെ മരണത്തിനിടയാക്കിയ ലോക്കർബി വിമാനസ്ഫോടനക്കേസിലെ പ്രതിയും മുൻ ലിബിയൻ രഹസ്യാന്വേഷണ വിഭാഗം ഉദ്യോഗസ്ഥനുമായ അബ്ദുൾ ബാസിത് അലി അൽ മെഗ്രാഹി (57)യെ അർബുദരോഗം മൂർച്ഛിച്ച് മരണാസന്നനായതിനെത്തുടർന്ന് സ്കോട്ട്ലാൻഡ് മോചിപ്പിച്ചു.

- താലിബാൻ ഭീഷണി നിലനില്ക്കെ അഫ്ഗാനിസ്ഥാൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ അൻപത് ശതമാനത്തോളം പേർ വോട്ടു ചെയ്തു.

**21.** രജനീകാന്ത് അടക്കമുള്ള താരങ്ങളുടെ ചിത്രങ്ങൾ നിർമിക്കാൻ എൽടിടിഇ പണം മുടക്കിയിരുന്നതായി ലങ്കൻ പുനരധിവാസ മന്ത്രി അബ്ദുൾ റിസാബ് ബത്തിയുദ്ദീൻ.

- ഓഗസ്റ്റിൽ റഷ്യയുമായുണ്ടായ അഞ്ചുദിന യുദ്ധത്തിൽ സഖ്യരാഷ്ട്രങ്ങൾ പിന്തുണയ്ക്കാതിരുന്നതിൽ പ്രതിഷേധിച്ച് മുൻ സോവിയറ്റ് റിപ്പബ്ലിക്കുകൾ ചേർന്നു രൂപംകൊടുത്ത സ്വതന്ത്രരാഷ്ട്രങ്ങളുടെ കോമൺ വെൽത്തി (സിഐഎസ്)ൽ നിന്നും ജോർജിയ ഔദ്യോഗികമായി പിൻമാറി.

**22.** പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ കാണ്ടഹാർ മേഖലയിൽ വോട്ടുചെയ്ത രണ്ടുപേരുടെ വിരലുകൾ താലിബാൻകാർ വെട്ടി.

- രാജ്യദ്രോഹകുറ്റം ചുമത്തി മുൻ പ്രസിഡണ്ട് പർവേസ് മുഷറഫിനെ വിചാരണ ചെയ്യണമെന്നാവശ്യപ്പെട്ട് മുതിർന്ന പി.എം.എൽ (എൻ) നേതാവ് സഫർ അലി ഷാ സുപ്രീംകോടതിയിൽ ഹർജി നല്കി.

•വാല്യം 2 •ലക്കം 50
2 സെപ്റ്റംബർ 2009
ഒരു കോപ്പി വില - 7.00
വരിസംഖ്യ വാർഷികം - 300
അർധ വാർഷികം - 160

റാപ്പർ ശ്രദ്ധിക്കുക
വരിസംഖ്യ പുതുക്കുക

Prathichaya
NEWS WEEKLY
Email : pratichaya@gmail.com
Website: www.pratichaya.com

PRATICHAYA WEEKLY
Palace Road, Kottayam - 686001
Tel & Fax : 0481 2564085
RN. No. KER MAL / 2007 / 21242
Postal Reg. No. KL/KTM/661/2008- 10
License No. KL/CR/KTM/WPP-73/2008-10
Licensed to Post Without Prepayment

## ആസിയാൻ കരാർ

# കർഷകരുടെ ആശങ്കകൾ അടിയന്തിരമായി പരിഹരിക്കണം

**കെ.എം.മാണി**




*കേരളാ കോൺഗ്രസ് (എം) എറണാകുളം ജില്ലാ നേതൃയോഗം പാർട്ടി ലീഡർ കെ.എം.മാണി എംഎൽഎ അങ്കമാലിയിൽ ഉദ്ഘാടനം ചെയ്യുന്നു. ബാബു ജോസഫ്, എം.എം.ഫ്രാൻസിസ്, പി.ടി.ജോസ്, അഡ്വ.വി.വി.ജോഷി, പൗലോസ് മേനാച്ചേരി, ബേബി വട്ടക്കുന്നേൽ, ജോയി മുളവരിയ്ക്കൻ, അഡ്വ.മുഹമ്മദ് ഇക്ബാൽ എന്നിവർ സമീപം.*

കേന്ദ്രസർക്കാർ ഒപ്പുവച്ച ആസിയാൻ രാഷ്ട്രങ്ങളുമായുള്ള സ്വതന്ത്രവ്യാപാര കരാർ സംബന്ധിച്ച് കർഷകസമൂഹത്തിന് ഉണ്ടായിട്ടുള്ള ആശങ്കകളും ആവലാതികളും എത്രയും പെട്ടെന്ന് അകറ്റാനും കരാർ കർഷകവിരുദ്ധമാവില്ലെന്ന് ഉറപ്പുവരുത്തുവാനും ഉള്ള അടിയന്തിര നടപടികൾ കേന്ദ്രസർക്കാർ സ്വീകരിക്കണമെന്ന് കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി എം.എൽ.എ ആവശ്യപ്പെട്ടു.

കേരളാ കോൺഗ്രസ് (എം) എറണാകുളം ജില്ലാ നേതൃയോഗം അങ്കമാലിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആസിയാൻ കരാറിൽ കർഷകവിരുദ്ധ വ്യവസ്ഥകളുണ്ടോ എന്നു പരിശോധിക്കുന്നതിനായി വിദഗ്ധ കമ്മിറ്റിയെ നിയോഗിച്ചിരിക്കെ അവരുടെ പരിശോധനാ റിപ്പോർട്ട് ലഭിക്കുന്നതിനു മുമ്പേ കരാറിൽ ഒപ്പുവച്ചത് കർഷകസമൂഹത്തിന്റെ ആശങ്കയുടെ ആഴം കൂട്ടിയിരിക്കുന്നു. കേരളത്തിലെ മുഖ്യ കാർഷിക ഉത്പന്നങ്ങളായ നാണ്യവിളകളുടെ ഇറക്കുമതി തീരുവ കുറച്ച നടപടി പുന:പരിശോധിക്കേണ്ടതാണ്. പാമോയിലിന് ഇറക്കുമതി ച്ചുങ്കം കുറച്ചതുവഴി കേരളത്തിലെ കേരകർഷകർ കടുത്ത ആശങ്കയിലാണ്.

കേന്ദ്രസർക്കാർ സ്വീകരിക്കുന്ന കർഷകരക്ഷാ പദ്ധതികളോട് സംസ്ഥാന സർക്കാർ മുഖംതിരിഞ്ഞുനില്ക്കുന്ന ഈ വേളയിൽ കേന്ദ്രസർക്കാർ തങ്ങളുടെ കർഷകരക്ഷാനയം കൂടുതൽ വ്യക്തത ഉള്ളതാക്കി മാറ്റണം. ഭാവിയിൽ ആസിയാൻ കരാർ മൂലം കേരളത്തിലെ കർഷകർക്ക് ഏതെങ്കിലും നിലയിലുള്ള പ്രതിസന്ധി നേരിടേണ്ട സാഹചര്യം ഉണ്ടായാൽ അതിൽനിന്നും കർഷകർക്ക് പൂർണസംരക്ഷണം ഉറപ്പുവരുത്തുന്നതിനാവശ്യമായ സത്വര നടപടികളും കേന്ദ്രസർക്കാർ കൈക്കൊള്ളണം.

ഏഷ്യൻ രാജ്യങ്ങൾ അധികം വിദൂരമല്ലാത്ത ഭാവിയിൽ കടുത്ത ഭക്ഷ്യസുരക്ഷാ ഭീഷണി നേരിടാൻ പോകുകയാണെന്ന വിദഗ്ധ വിലയിരുത്തൽ വന്നിരിക്കുന്ന പശ്ചാത്തലത്തിൽ തികച്ചും ശാസ്ത്രീയമായ സമീപനമാണ് ഭരണനേതൃത്വം കാർഷിക മേഖലയെ സംബന്ധിച്ച് പിന്തുടരേണ്ടത്. അന്താരാഷ്ട്ര കരാറുകളിൽ ഏർപ്പെടുമ്പോൾ തദ്ദേശീയ ജനതയുടെ ആശങ്കകളെ പൂർണമായും അകറ്റുന്ന ജനാധിപത്യ സമീപനം യു.പി.എ സർക്കാർ പിന്തുടരേണ്ടതാണെന്നും കെ.എം.മാണി കൂട്ടിച്ചേർത്തു.

പ്രതിച്ഛായ ഓണപ്പതിപ്പിലേക്കുള്ള പരസ്യസ്വീകരണവും സംസ്ഥാന ജനറൽ സെക്രട്ടറി ബാബു ജോസഫിൽനിന്നു പരസ്യമാറ്ററും തുകയും സ്വീകരിച്ചുകൊണ്ടു പാർട്ടി ലീഡർ ഉദ്ഘാടനം ചെയ്തു.

കേരളാ കോൺഗ്രസ് (എം) എറണാകുളം ജില്ലാ പ്രസിഡണ്ട് എം.എം.ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറിമാരായ ബാബു ജോസഫ്, പി.ടി.ജോസ്, അഡ്വ.വി.വി.ജോഷി, കർഷക യൂണിയൻ (എം) സംസ്ഥാന പ്രസിഡണ്ട് പൗലോസ് മേനാച്ചേരി, ബേബി വി.മുണ്ടാടൻ, ജോയി മുളവരിക്കൽ, അഡ്വ.മുഹമ്മദ് ഇക്ബാൽ, തോമസ് കോട്ടയ്ക്കൽ, വർഗീസ് ജോർജ്, പ്രിയേഷ് കെ.മാത്യു, ചന്ദ്രശേഖരൻ നായർ, റോണി മാത്യു എന്നിവർ പ്രസംഗിച്ചു.

## ഇടതുഭീകരതയ്ക്കെതിരെ അടിയുറച്ച്




*യൂത്ത് ഫ്രണ്ട് (എം) കോട്ടയം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കമ്യൂണിസ്റ്റു ഭീകരതയ്ക്കെതിരെ ഗാന്ധി സ്ക്വയറിൽ പ്രവർത്തകർ ജനാധിപത്യ സംരക്ഷണ പ്രതിജ്ഞയെടുക്കുന്നു. ജില്ലാ പ്രസിഡണ്ട് സജി മഞ്ഞക്കടമ്പിൽ, സംസ്ഥാന പ്രസിഡണ്ട് അഡ്വ.ജോബ് മൈക്കിൾ, കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ബേബി ഉഴുത്തുവാൽ, അഡ്വ.മുഹമ്മദ് ഇക്ബാൽ, അഡ്വ. പ്രിൻസ് ലൂക്കോസ്, തോമസുകുട്ടി വട്ടേക്കാട്, ബിജു കുന്നേപ്പറമ്പൻ, സാജൻ കുന്നത്ത്, ബിജോയ് പ്ലാത്താനം, സണ്ണി പൊരുന്നക്കോട്ട്, ബിജോയ് വാതല്ലൂർ, സാജൻ തൊടുക, രാജേഷ് വാളിപ്ലാക്കൽ, ബിജു മുളകുപാടം, ജോൺ ജോസഫ്, പ്രസാദ് ഉരുളിക്കുന്നം, ആനന്ദ് ചെറുവള്ളി, അമൽ വിൻസെന്റ് എന്നിവർ മുൻനിരയിൽ.*

## പ്രതിച്ഛായ ഓണപ്പതിപ്പ് പരസ്യസ്വീകരണം




*കേരളാ കോൺഗ്രസ് (എം) എറണാകുളം ജില്ലാ നേതൃയോഗത്തിൽ പാർട്ടി മുഖപത്രമായ പ്രതിച്ഛായയുടെ ഓണപ്പതിപ്പിലേക്കുള്ള പരസ്യസ്വീകരണം പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി ബാബു ജോസഫിൽ നിന്നും പരസ്യമാറ്ററും തുകയും ഏറ്റുവാങ്ങിക്കൊണ്ട് ലീഡർ കെ.എം.മാണി ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ പ്രസിഡണ്ട് എം.എം. ഫ്രാൻസിസ്, ജനറൽ സെക്രട്ടറി ബേബി വട്ടക്കുന്നേൽ, തോമസ് കോട്ടയ്ക്കൽ, പ്രിയേഷ് കെ.മാത്യു എന്നിവർ സമീപം.*

Printed and Published by Kurias Kumbalakuzhy for Pratichaya Publishing Trust, Kottayam. Printed at Rashtra Deepika Printers Kottayam-686 001. Published at Kottayam, Kerala-686 001.

CYAN MAGENTA YELLOW BLACK